## പതിമൂന്നാം കേരള നിയമസഭ - നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:219 05/03/2012 - ൽ മറുപടിക്ക്

## വട്ടടി കടവു മുതൽ വാണിയപ്പുരപ്പടി വരെ റോഡുനിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാണ്ടി : | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) കുട്ടനാട്ടിലെ തലവടി ഗ്രാമ പഞ്ചായത്തിൽ ആനപ്പറമ്പാൽ തെക്ക് വട്ടടി കടവു മുതൽ വാണിയപ്പുരപ്പടി വരെ റോഡു നിർമ്മാണത്തിന് സമർപ്പിച്ച അപേക്ഷയിൽ എന്തു നടപടി സ്വീകരിച്ചുവെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കുമോ ; | (എ) & (ബി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ, ഈ റോഡിന്റെ പുനരുദ്ധാരണം നടത്തണമെന്നാവശ്യപ്പെട്ട് പ്രദേശപ്രവാസികൾ ബഹു. എം.എൽ.എ. മുഖാന്തിരം നൽകിയ അപേക്ഷ ഫിഷറീസ് ഡയറക്ടർ മുഖേന 04/01/2012-ൽ ഹാർബർ എഞ്ചിനീയറിംഗ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചിരുന്നു. ഈ റോഡ് തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയുടെ 2012-13-ലെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന കാര്യം ചീഫ് എഞ്ചിനീയർ പരിശോധിച്ചു വരുന്നു. |
| (ബി) മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രസ്തുത പ്രദേശത്തേക്കുള്ള റോഡു നിർമ്മാണത്തിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ